**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 340** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പോലീസ് സേനയിലെ ക്രിമിനൽസ്വഭാവമുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അൻവർ സാദത്ത്
ശ്രീ. നീലകണ്ഠൻ
ശ്രീ. സന്ദീപ് വാര്യർ
ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പോലീസ് സേനയിൽ ക്രിമിനൽസ്വഭാവമുള്ളവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ പോലീസ് സേനയിൽ ക്രിമിനൽസ്വഭാവമുള്ളവരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** ക്രിമിനൽസ്വഭാവമുള്ള ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പോലീസുദ്യോഗസ്ഥർ ക്രിമിനൽ പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമനടപടികളും, വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്.

**(സി)** കേരള പോലീസിനെ കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** പോലീസ് സേനയുടെ പ്രവർത്തന മികവും സേവനക്ഷമതയും വർധിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർക്കായി തുടർച്ചയായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തൽ, ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ, ഡിജിറ്റൽ തെളിവുകളുടെ ശേഖരണവും വിശകലനവും, കുറ്റകൃത്യങ്ങളുടെ പ്രതിരോധവും നിരീക്ഷണവും സംബന്ധിച്ച വിഷയങ്ങളിൽ പ്രത്യേക പരിശീലനങ്ങളും മാർഗനിർദേശങ്ങളും നൽകിവരുന്നു.

സംസ്ഥാനത്തെ പോലീസ് സേനയിൽ നിന്നും സൈബർ വിഷയങ്ങളിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലനം നേടിയ ഈ ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തി ജില്ലാ തലത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ഉദ്യോഗസ്ഥർക്ക് സൈബർ കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട

പരിശീലനങ്ങൾ നൽകിവരുന്നു. ഇതിന്റെ ആദ്യഘട്ടമായി ജൂൺ ആദ്യവാരത്തിൽ 1063 ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഉദ്യോഗസ്ഥരുടെ തുടർച്ചയായ പ്രൊഫഷണൽ വികസനം ഉറപ്പാക്കുന്നതിനായി, സൈബർ ഡിവിഷന്റെ നേതൃത്വത്തിൽ എല്ലാ ശനിയാഴ്ചകളിലും കേരള പോലീസ് സൈബർ ഡിവിഷൻ പോർട്ടൽ മുഖേന പ്രതിവാര ഓൺലൈൻ സൈബർ ക്രൈം അന്വേഷണം ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ഈ ക്ലാസുകൾ വഴി അന്വേഷണ ഉദ്യോഗസ്ഥർക്ക് പുതുതായി ഉയർന്നുവരുന്ന സൈബർ ഭീഷണികൾ, നവീന അന്വേഷണ സാങ്കേതികവിദ്യകൾ, സാങ്കേതിക രംഗത്തെ പുതിയ പുരോഗതികൾ എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ അറിവുകളും വിവരങ്ങളും ലഭ്യമാക്കുന്നു.

പൊതുജനങ്ങൾക്ക് പോലീസ് സേവനങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും ലഭ്യമാക്കുന്നതിനായി ICOPS, THUNA തുടങ്ങിയ സാങ്കേതിക സംവിധാനങ്ങളും ഓൺലൈൻ സേവന പ്ലാറ്റ്‌ഫോമുകളും വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പോലീസ് സേനയുടെ ആധുനികവത്കരണവും പ്രവർത്തനങ്ങളുടെ ഗുണനിലവാര മെച്ചപ്പെടുത്തലും ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിക്കുന്ന പുതിയ പദ്ധതികളും നയ നിർദ്ദേശങ്ങളും സമയബന്ധിതമായി നടപ്പിലാക്കി സേവന വിതരണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ**